<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം ഫിഷറീസ് വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പെരിയാറിൽ മത്സ്യങ്ങൾ ചത്തു പൊങ്ങിയ സംഭവം വിലയിരുത്തുന്നതിനായി 23/05/2024 രാവിലെ 10.30 ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സർക്കാർ നിർദ്ദേശ പ്രകാരം കുഫോസ് പ്രസ്തുത സ്ഥലത്തെ, ജലം, മത്സ്യം, ചെളി എന്നീ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തുകയും ചെയ്തിരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും, കുഫോസ് ശേഖരിച്ച സാമ്പിളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ, ജലം മലിനപ്പെട്ടത് കാരണം മത്സ്യ കർഷകർക്ക് മത്സ്യ കൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉണ്ടായ സാമ്പത്തിക നഷ്ടവും ടി വിഷയത്തിന്മേൽ കുറ്റക്കാരെ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്ന് തന്നെ പ്രശ്ന ബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ ശുപാർശകളുമുണ്ട്. |
| (ബി) | പുഴയിലേക്ക് ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ കാരണം മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയും അതുമൂലം മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന നൂറു കണക്കിന് മത്സ്യത്തൊഴിലാളികളെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്നതു വസ്തുതയല്ലേ; വ്യക്തമാക്കാമോ; | (ബി) | ഏലൂർ മുനിസിപ്പാലിറ്റിയിലെ 29-ഓളം കമ്പനികളാണ് പെരിയാറിന്റെ ഈ പ്രദേശങ്ങളിലായി പ്രവർത്തിച്ചു വരുന്നത്. ഈ കമ്പനികളിൽ നിന്നോ ഇവയിൽ ഏതെങ്കിലും ഒന്നിൽ നിന്നോ ഒന്നിലധികം കമ്പനികളിൽ നിന്നോ അതോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ പുഴയിലേക്ക് രാസമാലിന്യങ്ങൾ ഒഴുക്കിയിട്ടുണ്ടെങ്കിൽ പുഴയിലെ ജലത്തിന്റെ ഗുണനിലവാരം നഷ്ടപ്പെടുകയും അതുമൂലം പുഴയിലെ ജൈവ സമ്പത്തിനെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | | | ബാധിക്കുകയും ചെയ്യുന്നതാണ്. ഈ മേഖലയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 2248 സജീവ മത്സ്യത്തൊഴിലാളി കുടുംബങ്ങളും 518 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങളും പുഴയെ ആശ്രയിച്ച് ജീവിച്ച് വരുന്നവരാണ്.<br><br>സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് മുഖേന പി.എം.എം.എസ്.വൈ., ജനകീയ മത്സ്യകൃഷി എന്നി പദ്ധതികളിൽ ഉൾപ്പെടുത്തി  വിവിധ മത്സ്യ കൃഷി രീതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ പ്രധാനമായി ചെയ്യുന്ന മത്സ്യ കൃഷി രീതികളാണ് കൂടുകളിലെ മത്സ്യ കൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി തുടങ്ങിയവ.<br><br>പുഴകളിൽ രാസമാലിന്യങ്ങൾ കലർന്നാൽ ഇത്തരത്തിൽ വിവിധ മത്സ്യ കൃഷി രീതികളിൽ വളർത്തുന്ന മത്സ്യങ്ങൾക്ക് പുറമേ പുഴയിലെ തനത് മത്സ്യങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നാശനഷ്ടം ഉണ്ടാകാൻ കാരണമാകുന്നതാണ്. ഇത് മത്സ്യ കൃഷി ചെയ്യുന്ന കർഷകരേയും മത്സ്യ ബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളി /അനുബന്ധ തൊഴിലാളിലുടെയും ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സംഭവത്തിൽ നഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടികൾ വകുപ്പ് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രാഥമിക കണക്കുകൾ പ്രകാരം മത്സ്യ കൃഷികളിലെ നാശ നഷ്ടങ്ങൾ വിലയിരുത്തിയപ്പാൾ കൂട് മത്സ്യകൃഷിക്ക് 692.59ലക്ഷം രൂപയും, ഓരുജല മത്സ്യകൃഷിക്ക് 9.4728 ലക്ഷം രൂപയും, എംബാങ്ക്മെന്റ് മത്സ്യകൃഷിക്ക് 1.6 ലക്ഷം രൂപയും ഉൾപ്പടെ ആകെ 703. 6628 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട് .<br><br>കൂടാതെ പുഴയിലെ മത്സ്യ സമ്പത്ത് പൂർണ്ണമായി നഷ്ടപെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതുവരെ ടി പുഴയെ ആശ്രയിച്ച് ജീവിക്കുന്ന 2306 എണ്ണം സജീവ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മൂന്ന് മാസങ്ങളിലേക്ക് ഒരു മാസം 25 ദിവസങ്ങളിലേക്ക് 350 രൂപ നിരക്കിൽ ആകെ 605.325 ലക്ഷം രൂപയും 518 അനുബന്ധ മത്സ്യതൊഴിലാളികൾക്കായി ഒരു മാസത്തേയ്ക്ക് 300 രൂപ നിരക്കിൽ  46.62 ലക്ഷം രൂപയും ഉൾപ്പടെ ആകെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ  ഉപജീവന പിന്തുണയക്കായി 651.945 ലക്ഷം രൂപയും ആണ് കണക്കാക്കിയിട്ടുള്ളത്.  ഇത്തരത്തിൽ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളിക്കും / അനുബന്ധ മത്സ്യത്തൊഴിലാളിക്കുമായി ആകെ |

| | | | | |
|---|---|---|---|---|
| | | | | 1355.60780 ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.<br><br>വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസ് ശേഖരിച്ച സാമ്പിളുകളുടെപരിശോധനയുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജലമലിനീകരണം മൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉണ്ടായ സാമ്പത്തിക നഷ്ടവും ടി വിഷയത്തിന്മേൽ കുറ്റക്കാരെ കണ്ടെത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്ന് തന്നെ പ്രശ്ന ബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ ശുപാർശകളുമുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ